(എ) 2001-ൽ അധികാരത്തിൽ വന്ന സർക്കാർ, കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിച്ചിരുന്നുവോ;

(ബി) പ്രസ്തുത ധവളപത്രത്തിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് എന്തെല്ലാം പ്രധാനപ്പെട്ട വെളിപ്പെടുത്തലുകളാണ് ഉണ്ടായിരുന്നത്;

(സി) കേരളത്തിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി എന്താണ്;

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ പൊതുകടം എത്രകണ്ട് വർദ്ധിച്ചിട്ടുണ്ട്?

ഉത്തരം

(എ) പുറപ്പെടുവിച്ചിരുന്നു.

(ബി) ധവളപത്രം സഭയിൽ വിതരണം ചെയ്തിട്ടുള്ളതും പ്രസിദ്ധീകരിച്ചതും ആണ്.

(സി) മുമ്പത്തേതിലും മെച്ചപ്പെട്ടിട്ടുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 31-3-2001-ൽ പൊതുകടം 23,919 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറൽ നൽകിയ താൽക്കാലിക കണക്കു പ്രകാരം 31-5-2005-ൽ പൊതുകടം 43,154.99 കോടി രൂപയാണ്.

വിവിധ വകുപ്പുകളിൽ നടക്കുന്ന ക്രമക്കേടുകൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യാൻ സംവിധാനം

29 [966] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
" *തോമസ് ചാക്കോ:*
" *മഞ്ഞളാംകുഴി അലി:*
" *പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ മിന്നൽ പരിശോധനയിൽ ധനകാര്യസംബന്ധമായ ക്രമക്കേടുകൾ കണ്ടുപിടിച്ച് എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ റിപ്പോർട്ടിന്റെയും വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാരിന് നഷ്ടം വന്ന കേസുകളിൽ കുറ്റക്കാരിൽനിന്നും തുക തിരിച്ചുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം ഏതെല്ലാം കേസുകളിൽപ്പെട്ട കുറ്റക്കാരിൽനിന്നാണ് സർക്കാരിന് നഷ്ടം വന്നതുക ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 73.

(ബി) സാമ്പത്തിക ക്രമക്കേടുകളുള്ളതും സാമ്പത്തികനിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുമായ നടപടികളാണ് റിപ്പോർട്ടുകളിലുള്ളത്. ഇതുസംബന്ധിച്ച് വകുപ്പുതിരിച്ചുള്ള കണക്ക് താഴെപ്പറയുംപ്രകാരമാണ്:

1.	തദ്ദേശ സ്വയംഭരണം	– 12
2.	ആഭ്യന്തരം	– 1
3.	തൊഴിൽ	– 1
4.	വിദ്യാഭ്യാസം	– 15
5.	ടൂറിസം	– 3
6.	ആരോഗ്യം	– 8
7.	കൃഷി	– 7
8.	സാമൂഹ്യക്ഷേമം	– 2
9.	ഉന്നത വിദ്യാഭ്യാസം	– 2
10.	മൃഗസംരക്ഷണം	– 1
11.	അച്ചടി വകുപ്പ്	– 1
12.	ഗതാഗതം	– 2
13.	മത്സ്യബന്ധനം	– 2
14.	ഭൂജല വകുപ്പ്	– 1
15.	റവന്യൂ	– 1
16.	പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്	– 5
17.	വ്യവസായം	– 3

LIBRARY ARCHIVES Kerala Legislative Assembly

18. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് – 1

19. ജലസേചന വകുപ്പ് – 1

20. തൊഴിൽ പരിശീലന വകുപ്പ് – 1

21. പൊതുജന സമ്പർക്ക വകുപ്പ് – 1

22. ഗ്രാമവികസന വകുപ്പ് – 1

23. ദേശീയ സമ്പാദ്യ വകുപ്പ് – 1

(സി) ക്രമക്കേടിന് ഉത്തരവാദികളായവർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്കനടപടി സ്വീകരിക്കുക, സർക്കാരിനു നഷ്ടം വന്ന തുക ഉത്തരവാദികളായ വരിൽനിന്നും തിരിച്ചു പിടിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പുകളോട് ശുപാർശ ചെയ്തിട്ടുണ്ട്. തുടർനടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. ഇതിനുവേണ്ടി ഭരണവകുപ്പുകൾക്ക് നിർദ്ദേശങ്ങളും സർക്കുലറുകളും നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര ഗവൺമെന്റിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും പ്രത്യേക പദ്ധതികൾക്ക് കിട്ടുന്ന സാമ്പത്തികസഹായം

30 [967] *ശ്രീമതി മേഴ്സി രവി:*

ശ്രീ. കെ. മുഹമ്മദാലി:

,, വർക്കല കഹാർ:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും അവർ നിർദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾക്കുവേണ്ടി കിട്ടുന്ന സാമ്പത്തികസഹായത്തിന്റെ വിവരങ്ങൾ ബഡ്ജറ്റിൽ ചേർക്കാറുണ്ടോ;

(ബി) എയ്ഡ്സ് സംബന്ധമായ ചികിത്സയ്ക്കും രോഗവർദ്ധനവ് തടയുന്നതിനും പ്രചരണപ്രവർത്തനങ്ങൾക്കുമായി യു.എൻ.ഒ.-യുടെയോ അതിന്റെ സ്പെഷ്യലൈസ്ഡ് ഏജൻസികളുടെയോ പക്കൽനിന്ന് കിട്ടുന്ന ധനസഹായം, മറ്റ് ഏജൻസികളിൽനിന്ന് കിട്ടുന്ന ധനസഹായം എന്നിവ സംസ്ഥാന സഞ്ചിത നിധിയുടെ ഭാഗമാണോ;

(സി) ആണെങ്കിൽ പ്രസ്തുത ധനസഹായം സംബന്ധിച്ച വിവരങ്ങളും അതിന്റെ വിനിയോഗം സംബന്ധിച്ച കാര്യങ്ങളും ബഡ്ജറ്റിൽ ചേർക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly